HON'BLE MR. K. R. ELANKATH : അല്ല.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): ഫ്ലവർ വാങ്ങിയിട്ട് ഇതുവരെ നന്നാകിയിട്ടില്ലെന്നാണോ പറയുന്നത്?

HON'BLE MR. K. R ELANKATH : ഈ പറഞ്ഞ ഒരു കേസിലും നന്നാക്കിയിട്ടില്ല.

MR. KANNARA GOPALA PANICKER : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. ചോദ്യം അയയ്ക്കുമ്പോൾ ഇന്ന ദിവസം ഉത്തരം പറയണമെന്നുകൂടി കാണിച്ചിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അതിനു വിപരീതമായി ഇന്നേ ദിവസത്തേയ്ക്കു വച്ചിട്ടില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. K. R. ELANKATH : ഇന്നത്തേക്ക് ചോദ്യങ്ങൾ വച്ചിട്ടില്ലെങ്കിലും കൂടുതൽ ഉത്തരങ്ങൾ തയാറാക്കി ഇവിടെ പറയാമെന്നു വച്ചതു ഒരു കുറ്റമാണെന്നു തോന്നുന്നില്ല.

വടക്കൻ തിരുവിതാംകൂറിലെ ട്രാൻസ്പോർട്ട് ലൈസൻസുകൾ.

518. MR. S. KUTTAN: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

പുതിയ മന്ത്രിസഭ ഭരണം ഏറ്റതിനുശേഷം വടക്കൻ തിരുവിതാംകൂറിൽ എത്രയെല്ലാം ലൈസൻസുകൾ ട്രാൻസ്പോർട്ടിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : പുതുതായി ലൈസൻസുകൾ ഒന്നും ഗവൺമെൻറ് ഏറ്റെടുത്തിട്ടില്ല.

MR. D. GNANASIGAMONI: What was the reason for that please?

HON'BLE MR. K. R. ELANKATH : അതിനു പ്രത്യേകിച്ചു കാരണമൊന്നുമില്ല.

MR. P. K. KRISHNAN SASTRI : വടക്കൻ തിരുവിതാംകൂറിലെ ലൈസൻസുകൾ ഗവൺമെൻറ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ഗവൺമെൻറ് കുത്തകയാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നതു് ആലപ്പുഴ—അരൂർ ലൈൻ മാത്രമാണ്. മറ്റുള്ള ലൈസൻസുകൾ ഒന്നും തൽക്കാലം ഏറ്റെടുക്കാൻ ആലോചനയില്ല.

വൈക്കം സബ്ഡിവിഷൻ ആഫീസ്.

519. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ ആണ്ടിൽ പി. ഡബ്ള്യു. വകുപ്പിൽ പുതുതായി വൈക്കത്തു ഒരു സബ്ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly